(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള അതിഥി മന്ദിരങ്ങൾ

1(2039) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എവിടെയെല്ലാം അതിഥി മന്ദിരങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് ഒരിടത്തും അതിഥി മന്ദിരങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രോജക്ട് വർക്കുകൾ, വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങൾ, സബ്സ്റ്റേഷനുകൾ, പ്രധാനപ്പെട്ട വൈദ്യുതി ഭവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രം ലഭ്യമായതിനാൽ ഈ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വിനോദ സഞ്ചാരികൾക്ക് നൽകുന്നതിന് അനുയോജ്യമല്ല.

എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം

2(2040) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി സംരക്ഷണത്തിന്റെ ഭാഗമായി എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന പേരിൽ ഒരു പദ്ധതി വൈദ്യുതി ബോർഡ് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യും. കെ.എസ്.ഇ.ബി.-യും കേന്ദ്ര സർക്കാരിന്റെ നാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഇ.ഡി. മിഷൻ പദ്ധതിയുടെ പങ്കാളിയായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന കേന്ദ്രസർക്കാർ സ്ഥാപനവും തമ്മിലുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ.ഇ.എസ്.എൽ. ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ബജാജ്, വിപ്രോ, കോമ്പാക്ട് എന്നീ ഉൽപ്പാദകരിൽ നിന്നുമാണ് ഈ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നത്. ഇത്തരത്തിൽ 150 ലക്ഷം ബൾബുകൾ സൗജന്യ നിരക്കിൽ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസ്

3(2041) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുവാൻ കെ.എസ്.ഇ.ബി. സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോ മീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും, അതേ സമയം ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പ്രാദേശികമായ സാഹചര്യങ്ങളും ഇക്കാര്യത്തിൽ കണക്കിലെടുക്കാറുണ്ട്.

സ്വകാര്യവ്യക്തികൾ വരുത്തിയ വൈദ്യുത ചാർജ്ജ് കുടിശ്ശിക

4(2042) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ വ്യക്തികൾ വരുത്തിയ വൈദ്യുത ചാർജ് കുടിശ്ശിക സംബന്ധിച്ച വിശദാംശം 31-1-2016 ലെ കണക്ക് പ്രകാരം ലഭ്യമാക്കാമോ?

ഉത്തരം

31-1-2016-ലെ കണക്ക് പ്രകാരം സ്വകാര്യ വ്യക്തികൾ വരുത്തിയ വൈദ്യുത ചാർജ്ജ് കുടിശ്ശിക 150.86 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly